## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3127 | 10.05.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടി വർക്കറുടെ ആശ്രിത നിയമനം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. ജോൺ ഫെർണാണ്ടസ്** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കണ്ടക്കടവ് 56-ാം നമ്പർ അംഗൻവാടിയിൽ വർക്കറായി ജോലി ചെയ്തിരുന്നതും ബോട്ടപകടത്തിൽ മരണമടഞ്ഞതുമായ ആപത്തശേരി വീട്ടിൽ സിന്ധു കുഞ്ഞുമോന്റെ ആശ്രിതന് ജോലി ലഭിക്കുന്നത് സംബന്ധിച്ച ഫയലിൽ (1006607/A/2017/SJ) സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;<br>(ബി) ആശ്രിതന് എന്നത്തേക്ക് ജോലി ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (എ) & (ബി) ചെല്ലാനം ഗ്രാമപഞ്ചായത്തിലെ കണ്ടക്കടവ് 56-ാം നമ്പർ അംഗൻവാടിയിൽ വർക്കറായി ജോലി ചെയ്തിരുന്നതും ബോട്ടപകടത്തിൽ മരണമടഞ്ഞതുമായ ആപത്തശേരി വീട്ടിൽ ശ്രീമതി. സിന്ധുവിന്, കൊച്ചി താലൂക്കാഫീസിൽ നിന്നുള്ള അവകാശ സർട്ടിഫിക്കറ്റ് പ്രകാരം, ഭർത്താവ്, മകൻ, അച്ഛൻ, അമ്മ എന്നിവർ മാത്രമാണ് അവകാശികളായിട്ടുള്ളത്. അമ്മയ്ക്ക് 76 വയസ്സുണ്ട്. മരണമടഞ്ഞ അങ്കണവാടി ജീവനക്കാരുടെ പെൺമക്കൾക്കോ അവരുടെ അഭാവത്തിൽ സഹോദരിക്കോ മാത്രമേ അങ്കണവാടി വർക്കറായോ ഹെൽപ്പറായോ ആശ്രിത നിയമനം നൽകാൻ പാടുള്ളൂ എന്ന് വ്യവസ്ഥയുണ്ട്. എന്നിരുന്നാലും ഈ ഫയലിൽ സാമൂഹ്യനീതി ഡയറക്ടറുടെ റിപ്പോർട്ട് തേടിയിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നിയമപ്രകാരമുള്ള നടപടി സ്വീകരിക്കാനാവും. |

സെക്ഷൻ ഓഫീസർ